**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 769** **10-06-2021 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെട്ടുത്തി യിട്ടുള്ള ചന്നപ്പുര - പരിയാരം മെഡിക്കൽ കോളേജ് - ശ്രീസ്ഥ - വെള്ളിക്കീൽ - ഒഴക്രോം - കണ്ണപ്പുരം റോഡ്, തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ്, കുപ്പം - ചുടല - പാണപ്പുഴ - ഏര്യം റോഡ്, ഏഴിലോട് - ഏഴിമല റെയിൽവെസ്റ്റേഷൻ - പുതിയപുഴക്കര എന്നീ റോഡ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക്പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | ചന്ദപ്പുര - പരിയാരം മെഡിക്കൽ കോളേജ് - ശ്രീസ്ഥ- വെള്ളീക്കീൽ - ഒഴക്രോം - കണ്ണപുരം റോഡ് പ്രവൃത്തി 70 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബിറ്റുമിൻ കോൺക്രീറ്റ് റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പടെ ബാക്കിയുള്ള പ്രവൃത്തികൾ കോവിഡ്-19 അടച്ച് പൂട്ടലും മഴക്കാലവും കഴിയുന്നതോടെ 2021 ഡിസംബർ മാസത്തോട് കൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ റോഡ് സുഗമമായ ഗതാഗത സൗകര്യത്തോട് കൂടിയാണ് സ്ഥിതി ചെയ്യുന്നത്. തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ് പ്രവൃത്തി 90 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. റോഡ് സുരക്ഷ പ്രവൃത്തികൾ കൂടി പൂർത്തിയാക്കി 2021 ഒക്ടോബറോട് കൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുപ്പം - ചുടല - പാണപ്പുഴ - ഏര്യം റോഡ് പ്രവൃത്തിയിൽ ചുടല ജംഗ്ഷൻ മുതൽ മാതമംഗലം വരെ 9.75 കി.മീ വരെയുള്ള ഒരു ഭാഗവും, പാണപ്പുഴ മുതൽ ഏര്യം വരെ 9.50 കി.മീ നീളത്തിൽ മറ്റൊരു ഭാഗവുമാണുള്ളത്. ആദ്യത്തെ ഭാഗത്ത് 7 കിലോമീറ്ററും രണ്ടാമത്തെ ഭാഗത്ത് 2 കിലോമീറ്ററും ഡി.ബി.എം പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ ഭാഗത്ത് 5 കിലോമീറ്ററിൽ സബ് ബേസ് ജി.എസ്.ബി പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ആകെ നിർമ്മിക്കേണ്ട 44 കൾവേർട്ടുകളിൽ 28 എണ്ണം പൂർത്തിയായിട്ടുണ്ട്. 9 എണ്ണം പകുതി ഭാഗം പൂർത്തിയായിട്ടുണ്ട്. 2021 ഡിസംബർ മാസത്തോട് കൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുന്നക്കടവ് - പുതിയ പുഴക്കര ഏഴിമല റെയിൽവെ സ്റ്റേഷൻ - ഏഴിലോട് റോഡിന്റെ വികസന പ്രവർത്തനം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഏഴിലോട് മുതൽ(കി.മീ 0/000) ഏഴിമല റെയിൽവെ ഗേറ്റ് വരെ(കി.മീ. 3/330) കിഫ്ബി നിഷ്കർഷിക്കുന്ന 10 മീറ്റർ വീതി ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | ഏഴിമല റയിൽവേ ഗേറ്റ് മുതൽ(കി.മീ. 3/300) മുതൽ കാരന്തോട് വരെ(5/675 കി.മീ.) കിഫ്ബി നിഷ്കർഷിച്ചിരിക്കുന്ന വീതി ലഭ്യമല്ലാത്തതിനാലും സ്ഥലം ഇതുവരെ സൗജന്യമായി വിട്ടു കിട്ടാത്തതിനാലും പ്രസ്തുത ഭാഗം പ്രവൃത്തി നടപടികൾ ആരംഭിച്ചിട്ടില്ല. കി.മീ 0/220 മുതൽ 1/980 വരെ ബിറ്റുമിനസ് മെക്കാഡം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കി.മീ 5/675(കാരന്തോട്) മുതൽ കി.മീ 9/200(പുന്നക്കടവ്) വരെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമായതിനാൽ ഉപരിതല ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഏഴിലോട് മുതൽ ഏഴിമല റെയിൽവെ ഗേറ്റ് വരെ ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമായിട്ടും കോൺട്രാക്ടറുടെ ഭാഗത്ത് നിന്നും പ്രസ്തുത ഭാഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതിനാലും കിഫ്ബി നേരത്തെ ചൂണ്ടികാട്ടിയ പോരായ്മകൾ പരിഹരിക്കുന്നതിനായും പ്രവൃത്തി താൽക്കാലികമായി നിർത്തിവെക്കുന്നതിനും കി.മീ 0/000 മുതൽ 3/750 വരെയുള്ള ഭാഗം പ്രവൃത്തി പൂർത്തീകരിച്ച് കരാറുടമ്പടി foreclose ചെയ്യുന്നതിനും കിഫ്ബി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ഏഴിമല റെയിൽവെ ഗേറ്റിനും കാരന്തോടിനും ഇടയിലുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് കിഫ്ബി നിഷ്കർഷിക്കുന്ന സാങ്കേതിക വശങ്ങൾ നിറവേറ്റിയതിന് ശേഷം പുതിയൊരു കരാറുടമ്പടിയിലൂടെ നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ